©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ് .

**പതിനഞ്ചാം കേരള നിയമസഭ**

# ഹർജികൾ സംബന്ധിച്ച സമിതി
# (2021-2023)

## ഒന്നാമത് റിപ്പോർട്ട്

**സമിതി (2014-2016)യുടെ ഏഴാമത് റിപ്പോർട്ടിന്മേലുള്ള**
**(പുതിയ ഹയർ സെക്കന്ററി സ്കൂളുകളും അധിക ബാച്ചുകളും**
**അനുവദിക്കുന്നതിന് ശാസ്ത്രീയമായ പഠനം**
**നടത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച്)**
**ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

(2021 നവംബർ 8-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനഞ്ചാം കേരള നിയമസഭ

# ഹർജികൾ സംബന്ധിച്ച സമിതി
# (2021-2023)

ഒന്നാമത് റിപ്പോർട്ട്

സമിതി (2014-2016)യുടെ ഏഴാമത് റിപ്പോർട്ടിന്മേലുള്ള
(പുതിയ ഹയർ സെക്കന്ററി സ്കൂളുകളും അധിക ബാച്ചുകളും
അനുവദിക്കുന്നതിന് ശാസ്ത്രീയമായ പഠനം
നടത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച്)
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

(2021 നവംബർ 8-ാം തീയതി സഭയിൽ സമർപ്പിച്ചത്)

31/2022.

# ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

# ഹർജികൾ സംബന്ധിച്ച സമിതി (2021-2023)

**സമിതിയുടെ ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ.

അംഗങ്ങൾ :

ശ്രീ. പി. കെ. ബഷീർ

ശ്രീ. ജി. എസ് . ജയലാൽ

ശ്രീ. വി. ജോയി

ശ്രീ. എം. രാജഗോപാലൻ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

ശ്രീമതി കെ. കെ. രമ

ശ്രീ. എച്ച് . സലാം

ശ്രീ. സനീഷ്കുമാർ ജോസഫ് .

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ.മാത്യുക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി

ശ്രീ.പി. എസ് . സെൽവരാജൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ എൻ.ജി., അണ്ടർ സെക്രട്ടറി

ശ്രീമതി എസ് . ബിന്ദു, അണ്ടർ സെക്രട്ടറി.

# ആമുഖം

ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പുതിയ ഹയർ സെക്കന്ററി സ്കൂളുകളും അധിക ബാച്ചുകളും അനുവദിക്കുന്നതിന് ശാസ്ത്രീയ പഠനം നടത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് സമിതി (2014-2016) യുടെ ഏഴാമത് റിപ്പോർട്ട് 2014 ഡിസംബർ 4-ാം തീയതി സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങിയതാണ് ഈ റിപ്പോർട്ട് .

23-9-2021-ൽ ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു .

കെ. ബി. ഗണേഷ് കുമാർ,
*അദ്ധ്യക്ഷൻ,*
*ഹർജികൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2021 നവംബർ 8.

## സമിതി (2014-2016) യുടെ ഏഴാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

ഹയർ സെക്കന്ററി മേഖലയിൽ പുതിയ സ്കൂളുകളും അധിക ബാച്ചുകളും അനുവദിക്കുന്നതിന് 2014 വർഷത്തിൽ ഗവൺമെന്റ് തീരുമാനിക്കുകയും 700 ഹയർ സെക്കന്ററി ബാച്ചുകൾകൂടി അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയപ്പോൾ ഹയർ സെക്കന്ററി തലത്തിൽ പുതിയ സ്കൂളുകൾ അനുവദിച്ചതും അധിക ബാച്ചുകൾ അനുവദിച്ചതും ചില സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തതും സംബന്ധിച്ചുള്ള അപാകത ചൂണ്ടിക്കാട്ടി ശ്രീ.സന്തോഷ് ആലപ്പുഴ സമിതി (2014-2016) മുൻപാകെ ഹർജി സമർപ്പിക്കുകയുണ്ടായി. അഡീഷണൽ ബാച്ചുകളും പുതിയ സ്കൂളുകളും അനുവദിച്ചതും നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തതും ശാസ്ത്രീയമായ പഠനത്തിന് വിധേയമായിട്ടല്ലെന്നും ശാസ്ത്രീയമായ പഠനത്തിന് വിധേയമായിട്ടായിരുന്നെങ്കിൽ ഇപ്രകാരം അനുവദിക്കേണ്ടിവരി ല്ലായിരുന്നെന്നുമുള്ള പരാതിയിൻമേൽ സമിതി മുന്നോട്ട് പോകുകയും തുടർന്ന് പൊതുവിദ്യാഭ്യാസ സെക്രട്ടറി, ഡി.പി.ഐ. ഹയർ സെക്കന്ററി ഡയറക്ടർ തുടങ്ങിയവരിൽ നിന്ന് 20-8-2014-ൽ തെളിവെടുപ്പ് നടത്തിയതിന്റെയും അടിസ്ഥാനത്തിൽ പതിമൂന്നാം കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി (2014-2016) പുതിയ ഹയർ സെക്കന്ററി സ്കൂളുകളും അധികബാച്ചുകളും അനുവദിക്കുന്നതിന് ശാസ്ത്രീയ പഠനം നടത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച ഏഴാമത് റിപ്പോർട്ട് 2014 ഡിസംബർ 4-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ 4 ശിപാർശകളാണ് ഉൾപ്പെടുത്തിയിരുന്നത്. പ്രസ്തുത ശിപാർശകളിൻമേൽ അനന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി 16-12-2014-ൽ പൊതുവിദ്യാഭ്യാസ വകുപ്പിന് റിപ്പോർട്ടിന്റെ പകർപ്പുകൾ അയച്ചുകൊടുക്കുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശകളിൻമേൽ പൊതുവിദ്യാഭ്യാസ (യു) വകുപ്പ് 27-5-2017 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് 11-1-2018-ന് യോഗം ചേർന്ന സമിതി പരിഗണിക്കുകയും ഖണ്ഡിക 7, 11, 13 എന്നിവയിലെ ശിപാർശകളിൻമേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് അംഗീകരിക്കുകയും ഖണ്ഡിക 14-ലെ ശിപാർശയിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് പരിഗണിച്ച സമിതി തുടർ ശിപാർശ നൽകുകയും ചെയ്തു. ആയതിന് ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ് 21-1-2020 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ നടപടി റിപ്പോർട്ട് 11-11-2020-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി (2014-2016) യുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകളും തുടർ ശിപാർശയും സർക്കാരിൽ നിന്നും ലഭിച്ചതും സമിതി പരിഗണിച്ച് അംഗീകരിച്ചതുമായ മറുപടികളും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ ആക്ഷൻ ടേക്കൺ റിപ്പോർട്ട് .

<table>
<tr><th>ക്രമ നമ്പർ</th><th>ശിപാർശ</th><th>സ്വീകരിച്ച നടപടികൾ</th></tr>
<tr><td>(1)</td><td>(2)</td><td>(3)</td></tr>
<tr><td>1</td><td>നാലോ അഞ്ചോ വർഷം കഴിയുന്നതോടെ പത്താം ക്ലാസ്സിലെത്തുന്ന മുഴുവൻ കുട്ടികൾക്കും പ്ലസ് വൺ പ്രവേശനം നൽകിയാലും നിലവിലുള്ള സീറ്റുകൾ മുഴുവൻ നികത്തുവാൻ കഴിയാത്ത സാഹചര്യമുണ്ടാകുമെന്ന് സമിതി വിലയിരുത്തുന്നു. കുട്ടികളുടെ എണ്ണം വർഷാവർഷം കുറഞ്ഞുവരുന്നതിനാൽ ഇക്കാര്യം മുൻകൂട്ടി കണ്ടുവേണം പുതിയ സീറ്റുകൾ അനുവദിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കേണ്ടതെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>(ഖണ്ഡിക - 7)</td><td>കഴിഞ്ഞ 5 വർഷം സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷിച്ച എസ്.എസ്.എൽ.സി. പാസ്സായ വിദ്യാർത്ഥികളുടെ വിശദാംശങ്ങളും ലഭ്യമായ സീറ്റുകളും ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>വർഷം</th><th>എസ് .എസ്.എൽ.സി. വിജയിച്ച അപേക്ഷകരുടെ എണ്ണം</th><th>പ്ലസ് വൺ സീറ്റുകൾ</th><th>ഒഴിവ്</th></tr>
<tr><td>2012-13</td><td>444123</td><td>409475</td><td>50679</td></tr>
<tr><td>2013-14</td><td>445680</td><td>381438</td><td>25185</td></tr>
<tr><td>2014-15</td><td>442678</td><td>406569</td><td>31652</td></tr>
<tr><td>2015-16</td><td>459201</td><td>408867</td><td>28762</td></tr>
<tr><td>2016-17</td><td>458199</td><td>417970</td><td>42170</td></tr>
</table></td></tr>
</table>

| | | |
|---|---|---|
| | | ഡബ്ല്യൂ.പി.സി. നമ്പർ 24143/10-ലും അനുബന്ധ കേസുകളിലും ബഹു. ഹൈക്കോടതി 20-8-2015-ൽ പുറപ്പെടുവിച്ച വിധിപ്രകാരം സംസ്ഥാനത്തെ ഹയർ സെക്കന്ററി വിദ്യാഭ്യാസ ആവശ്യകത ശാസ്ത്രീയമായി കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തീരുമാനമെടുത്ത് അപേക്ഷകൾ ക്ഷണിച്ച് മാത്രമേ പുതിയ ഹയർ സെക്കന്ററി സ്കൂളുകളോ അധിക ഹയർ സെക്കന്ററി ബാച്ചുകളോ അനുവദിക്കാൻ കഴിയുകയുള്ളൂ. ടി വിധിയുടെ അടിസ്ഥാനത്തിൽ 5-4-2016-ലെ സ.ഉ. (കൈ) നമ്പർ 75/16/പൊ.വി. പ്രകാരം ഹയർ സെക്കന്ററി വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് രണ്ട് തലത്തിലുള്ള സമിതികൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.<br><br>രണ്ട് ജില്ലകൾക്കായുള്ള റീജിയണൽ ലെവൽ കമ്മിറ്റിയും സംസ്ഥാനതല കമ്മിറ്റിയുമാണവ. ടി വിധിന്യായത്തിൽ |

| (1) | (2) | (3) |
|---|---|---|
| | | ഉത്തരവായിരിക്കുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ പാലിച്ച് മാത്രമേ സംസ്ഥാനത്ത് പുതിയ ഹയർ സെക്കന്ററി സ്കൂളുകളോ അധിക ഹയർ സെക്കന്ററി ബാച്ചുകളോ അനുവദിക്കുവാൻ കഴിയുകയുള്ളൂ. അതിനാൽ വിദ്യാഭ്യാസ ആവശ്യകത കണക്കിലെടുക്കാതെ പുതിയ ഹയർ സെക്കന്ററി സ്കൂളുകളോ അധിക ഹയർ സെക്കന്ററി ബാച്ചുകളോ സർക്കാർ ഇപ്പോൾ അനുവദിക്കുന്നില്ല.<br>(11-1-2018-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 2 | അപ്രസക്തമായതും അധികം കുട്ടികൾ പഠിക്കാൻ താൽപ്പര്യം കാണിക്കാത്തതുമായ വിഷയങ്ങൾ ഹയർ സെക്കന്ററി കോഴ്സിന്റെ ഭാഗമായി പഠിപ്പിക്കണമോയെന്നത് ശാസ്ത്രീയ പഠനത്തിന് വിധേയമാക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക - 11) | സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ സയൻസ്, ഹ്യൂമാനിറ്റീസ്, കൊമേഴ്സ് എന്നീ 3 ഗ്രൂപ്പുകളിലായി 45 കോംബിനേഷനുകൾ നിലവിലുണ്ട്. സയൻസ് 9 ഉം, ഹ്യൂമാനിറ്റീസ് 32- ഉം, കൊമേഴ്സ് 4-ഉം കോംബിനേഷനുകൾ ലഭ്യമാണ്. ഈ വിഷയങ്ങളിലെല്ലാം തന്നെ സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ ബിരുദ/ ബിരുദാനന്തര കോഴ്സുകൾ നടത്തപ്പെടുന്നതാണ്. അധികം കുട്ടികൾ പഠിക്കാൻ താൽപ്പര്യം കാണിക്കുന്ന വിഷയങ്ങളാണ് കൂടുതൽ സ്കൂളുകളിൽ അനുവദിച്ചിട്ടുള്ളത്. അപ്രസക്തമായ കോഴ്സുകൾ ഹയർ സെക്കന്ററിയിൽ പഠിപ്പിക്കുന്നതായി സർക്കാർ കരുതുന്നില്ല. |

| | | |
|---|---|---|
| 3 | ഫൈനൽ അലോട്ട്മെന്റിന് ശേഷവും ഓരോ സ്കൂളിലും സീറ്റ് ഒഴിഞ്ഞുകിടക്കുന്ന അവസ്ഥയ്ക്കു കാരണം ഈ സംവിധാനത്തിലെ പരിപൂർണ്ണതയുടെ അഭാവമാണെന്ന് സമിതി വിലയിരുത്തുന്നു. പല സ്ഥലങ്ങളിലും കുട്ടികൾക്ക് സീറ്റ് ലഭിക്കാതിരിക്കുകയും അതേസമയം ചില സ്കൂളുകളിൽ സീറ്റ് ഒഴിഞ്ഞുകിടക്കുന്നതുമായ അവസ്ഥയ്ക്ക് പരിഹാരം കാണേണ്ടത് അത്യാവശ്യമായതിനാൽ ഇത് സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക - 13) | സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനം ലളിതവും സുതാര്യവും സാമൂഹിക നീതി ഉറപ്പാക്കുന്നതിനുമായി കഴിഞ്ഞ എട്ട് വർഷമായി ഏക ജാലക പ്രവേശനമെന്ന കേന്ദ്രീകൃത അലോട്ട്മെന്റ് സംവിധാനം മുഖേനയാണ് നടപ്പിലാക്കിവരുന്നത്. പ്ലസ് വൺ പ്രവേശന പ്രക്രിയ പൂർത്തിയാകുമ്പോൾ ചില സ്കൂളുകളിൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. ഏകജാലക സംവിധാനത്തിന്റെ മുഖ്യ ഘട്ട അലോട്ട്മെന്റിനുശേഷം ഒഴിവുള്ള സീറ്റുകളിലേയ്ക്ക് മാത്രം അപേക്ഷ ക്ഷണിച്ച് ഈ സീറ്റുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതു മൂലം ഒഴിവുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഒഴിഞ്ഞുകിടക്കുന്ന ഇത്തരം സീറ്റുകളേറെയും അൺ എയ്ഡഡ് മേഖലയിലാണ്. സർക്കാർ/ എയ്ഡഡ് മേഖലയിൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നത് യാത്രാസൗകര്യം തീരെ കുറവായ പിന്നോക്ക പ്രദേശങ്ങൾ, സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾ വസിക്കുന്ന പ്രദേശങ്ങളിലെ സ്കൂളുകൾ എന്നിവിടങ്ങളിലാണ്.<br>(11-1-2018-ലെ യോഗത്തിൽ അംഗീകരിച്ചു) |

| (1) | (2) | (3) |
| --- | --- | --- |
| 4 | വിദ്യാർത്ഥികൾ പത്താം ക്ലാസ്സിൽ പഠിച്ചിരുന്ന സ്കൂളിലെ ഐ.ടി. വിഭാഗത്തിന്റെ ഭാഗമായുള്ള കമ്പ്യൂട്ടറും ഇന്റർനെറ്റ് സംവിധാനവും ഉൾപ്പെടെയുള്ള ലാബ് സൗകര്യങ്ങൾ ഇതിനായി ഉപയോഗപ്പെടുത്തി ഓൺലൈൻ രജിസ്ട്രേഷനുള്ള സംവിധാനം ഒരുക്കി വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രയോജനമുണ്ടാകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>(ഖണ്ഡിക - 14) | 2015-16 അദ്ധ്യയന വർഷം മുതൽ പത്താം ക്ലാസിൽ പഠിച്ചിരുന്ന സ്കൂളിലെ ഐ.ടി. വിഭാഗത്തിന്റെ ഭാഗമായുള്ള കമ്പ്യൂട്ടർ ലാബ് സൗകര്യവും അധ്യാപകരുടെ സഹായവും അതുപോലെ തന്നെ ആ പ്രദേശത്തെ ഗവൺമെന്റ്/ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളിലെ കമ്പ്യൂട്ടർ ലാബ് സൗകര്യവും അധ്യാപകരുടെ സഹായവും പ്രയോജനപ്പെടുത്തി പ്ലസ് വൺ പ്രവേശനത്തിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.<br><br>(11-1-2018-ലെ യോഗത്തിൽ അംഗീകരിച്ചു) |
|  | <u>ഖണ്ഡിക 14-ലെ തുടർ ശിപാർശ</u><br><br>സംസ്ഥാന ലൈബ്രറി കൗൺസിൽ അംഗീകരിച്ച വായനശാലകളിൽ പ്ലസ് വൺ പ്രവേശനത്തിനുള്ള | കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനു കീഴിലുള്ള കമ്പ്യൂട്ടർ സംവിധാനവും നെറ്റ് സൗകര്യവുമുള്ളതും ഇ-വിജ്ഞാന സേവന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതുമായ ലൈബ്രറികളിൽ 2019-20 അദ്ധ്യയന വർഷം പ്ലസ് വൺ |

| | | |
|---|---|---|
| | അപേക്ഷകൾ സൗജന്യമായി ഓൺലൈനിൽ സമർപ്പിക്കാനാവശ്യമായ സൗകര്യങ്ങൾ ഒരുക്കണമെന്ന് ശിപാർശ ചെയ്യുന്നു. | പ്രവേശനത്തിന് അപേക്ഷ ഓൺലൈനിൽ സൗജന്യ നിരക്കിൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചില ലൈബ്രറികളിൽ സൗജന്യമായും ചില ലൈബ്രറികളിൽ സൗജന്യ നിരക്കിലും ഈ സേവനം ലഭ്യമാക്കിയിട്ടുള്ളതുമാണ്.<br>(11-11-2020-ലെ യോഗത്തിൽ അംഗീകരിച്ചു) |



കെ. ബി. ഗണേഷ് കുമാർ,
*അദ്ധ്യക്ഷൻ,*
*ഹർജികൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2021 നവംബർ 8.